ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26.07.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) **കാർഗിൽ യുദ്ധത്തിൻറെ വിജയസ്മരണയിൽ രാജ്യം ; പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ലഡാക്കിലെ കാർഗിൽ യുദ്ധ സ്മാരകത്തിൽ ശ്രദ്ധാഞ്ജലി അർപ്പിക്കും.**

   **India commemorating the Kargil Victory today; Prime Minister Narendra Modi to pay tribute at the Kargil War Memorial in Ladakh.**

2) **പാർലമെന്റിൽ, കേന്ദ്ര ബജറ്റ് സംബന്ധിച്ച ചർച്ചകൾ ഇന്നും തുടരും; ഇന്നലെ വിവിധ വിഷയങ്ങളിൽ പ്രതിപക്ഷ പ്രതിഷേധം.**

   **Both Houses of Parliament to continue the discussion on Union Budget 2024-25 today; Opposition stage protest on various issues yesterday.**

3) **കാനഡയിൽ ഇന്ത്യാ വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രസർക്കാർ.**

   **New Delhi asks Ottawa to take action against anti-India elements operating from Canada.**

4) **ലോക കായിക മാമാങ്കമായ ഒളിമ്പിക്സിന് ഇന്ന് തിരിതെളിയും; ഉദ്ഘാടനത്തോടനുബന്ധിച്ചുള്ള മാർച്ച് പാസ്റ്റിൽ ഇന്ത്യൻ താരങ്ങളായ പി വി സിന്ധുവും ശരത് കമലും രാജ്യത്തിന്റെ പതാകയേന്തും.**

**Paris Olympics to officially commence from today; PV Sindhu and Sarath Kamal will be India's flag bearers at the opening ceremony.**

5) **ഏഷ്യാ കപ്പ് വനിത ട്വന്റി- 20 ക്രിക്കറ്റിന്റെ ആദ്യ സെമിയിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും.**

**India to take on Bangladesh in first semi final of Women's Asia Cup T20.**

***************************************

## KARGIL DIWAS

കാർഗിൽ യുദ്ധത്തിൻറെ വിജയസ്മരണയിൽ രാജ്യം ഇന്ന് 25-ാമത് കാർഗിൽ ദിവസ് ആചരിക്കുന്നു. 1999 ലെ കാർഗിൽ യുദ്ധത്തിൽ വീരമൃത്യു വരിച്ച ഇന്ത്യൻ സൈനികരുടെ ധീരതയ്ക്കുള്ള ആദരമായാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. ഓരോ ഇന്ത്യക്കാരനും ഏറെ സവിശേഷമായ ദിനമാണിതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹ മാധ്യമത്തിൽ കുറിച്ചു. രാജ്യത്തെ സംരക്ഷിക്കുന്നതിനിടെ ജീവൻ വെടിഞ്ഞ എല്ലാ സൈനികർക്കും സ്മരണാഞ്ജലി അർപ്പിക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു. കാർഗിൽ യുദ്ധം തന്ത്രപരമായ പ്രാധാന്യമുള്ള ഒന്നാണെന്ന് കേന്ദ്ര മന്ത്രി ജഗത് പ്രകാശ് നദ്ദ പറഞ്ഞു. വെല്ലുവിളികൾക്കിടയിലും ഇന്ത്യൻ സൈന്യത്തിന്റെ ധീരതയും ആത്മസമർപ്പണവും വിജയത്തിലേക്ക് നയിച്ചതായി ന്യൂഡൽഹിയിൽ ഒരു പരിപാടിയിൽ പങ്കെടുക്കവെ കേന്ദ്രമന്ത്രി അഭിപ്രായപ്പെട്ടു.

***************************************

## PM - KARGIL

25-ാമത് കാർഗിൽ വിജയ് ദിവസിനോട് അനുബന്ധിച്ച്, പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ലഡാക്കിലെ ദ്രാസിലുള്ള കാർഗിൽ യുദ്ധ സ്മാരകം സന്ദർശിക്കും. രാജ്യത്തിന് വേണ്ടി ജീവൻ ത്യജിച്ച ധീര സൈനികർക്ക് അദ്ദേഹം ശ്രദ്ധാഞ്ജലി അർപ്പിക്കും.

ഷിൻ കുൻ ലാ ടണൽ പദ്ധതിയുടെ നിർമാണത്തിനും പ്രധാനമന്ത്രി തുടക്കം കുറിക്കും. 4.1 കിലോമീറ്റർ ആണ് തുരങ്കപാതയുടെ നീളം. നിമു - പദും - ദാർച്ച വഴി, ലേ-യിലേക്ക് എല്ലാ കാലാവസ്ഥയിലും ഗതാഗതം സാധ്യമാക്കുകയാണ് ലക്ഷ്യം. ഏകദേശം 15,800 അടി ഉയരത്തിലാണ് തുരങ്കപാത നിർമിക്കുക. നിർമ്മാണം പൂർത്തിയാകുമ്പോൾ ലോകത്തിലെ ഏറ്റവും ഉയരം കൂടിയ തുരങ്കമായി ഷിൻ കുൻ ലാ ടണൽ മാറും. സായുധ സേനയുടെയും പ്രതിരോധ സാമഗ്രികളുടെയും കാര്യക്ഷമമായ കൈമാറ്റത്തിനും ലഡാക്കിന്റെ സാമ്പത്തികവും സാമൂഹികവുമായ വികസനത്തിനും തുരങ്കപാത വഴിയൊരുക്കും.

*********************************

## STATE- VIJAY DIWAS

കേരളത്തിലും കാർഗിൽ വിജയ് ദിവസുമായി ബന്ധപ്പെട്ട് ഇന്ന് വിവിധ പരിപാടികൾ സംഘടിപ്പിക്കും. തിരുവനന്തപുരം പാങ്ങോട് മിലിട്ടറി സ്റ്റേഷനിൽ നടക്കുന്ന പരിപാടിയിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ മുഖ്യാതിഥിയാകും. കാർഗിൽ യുദ്ധത്തിൽ ജീവൻ വെടിഞ്ഞ ധീരജവാന്മാർക്ക് ഗവർണർ ശ്രദ്ധാഞ്ജലി അർപ്പിക്കും. കണ്ണൂർ ജില്ലയിലും ധീരജവാന്മാരുടെ സ്മരണാർത്ഥം മുഖ്യ തപാൽ ഓഫീസിന് സമീപമുള്ള യുദ്ധസ്മാരകത്തിൽ ആദരാഞ്ജലികൾ അർപ്പിക്കും.

*********************************

## PARLIAMENT

കേന്ദ്ര ബജറ്റ് സംബന്ധിച്ച ചർച്ചകൾ പാർലമെന്റിൽ ഇന്നും തുടരും. ബജറ്റ് നിരാശാജനകമാണെന്ന് പ്രതിപക്ഷ അംഗങ്ങൾ ഇന്നലെ ലോക്സഭയിൽ വിമർശനമുന്നയിച്ചു. തൊഴിലുറപ്പ് പദ്ധതിയുടെ വേതനം വർദ്ധിപ്പിക്കാത്തതിനെ വിമർശിച്ച കോൺഗ്രസ് അംഗം ചരൺജിത് സിങ് ചന്നി, പഞ്ചാബിനെ ബജറ്റിൽ തീർത്തും അവഗണിച്ചതായും സഭയിൽ പറഞ്ഞു. എന്നാൽ ബജറ്റ് ചരിത്രപരമാണെന്നും രാജ്യത്തെ മുന്നോട്ട്

നയിക്കാൻ പര്യാപ്തമാണെന്നും ബിജെപി എംപി ബൈജയന്ത് പാണ്ഡ പറഞ്ഞു. കാർഷിക വായ്പകൾ എഴുതിതള്ളാത്തതിനെ വിമർശിച്ച കോൺഗ്രസ് എംപി രൺദീപ് സിങ്ങ് സുർജേവാല ഭക്ഷ്യധാന്യങ്ങൾക്ക് മതിയായ താങ്ങുവില കേന്ദ്രം നൽകുന്നില്ലെന്നും പറഞ്ഞു.

****************************************

## LS- ADJOURNMENT

പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഇന്നലെ ലോക്സഭ സമ്മേളനം രണ്ട് തവണ നിർത്തിവച്ചു. പഞ്ചാബ് മുൻ മുഖ്യമന്ത്രി ബിയാന്ത് സിങ്ങിൻറെ കൊലപാതകം, കോൺഗ്രസ് അംഗം ചരൺജിത് സിങ് ചന്നി സഭയിൽ ഉന്നയിച്ചത്, കേന്ദ്ര സഹമന്ത്രി രവ്നീത് സിങ് ബിട്ടുവുമായുള്ള വാഗ്വാദത്തിന് വഴിവച്ചു. ശ്രീ.ചന്നിക്കെതിരായ കേന്ദ്രസഹമന്ത്രിയുടെ ആരോപണങ്ങൾ നിയമവിരുദ്ധമാണെന്നും ഇതിനെതിരെ നടപടി വേണമെന്നും കോൺഗ്രസ് അംഗം കെ സി വേണുഗോപാൽ ആവശ്യപ്പെട്ടു. അംഗങ്ങൾ സഭയുടെ അന്തസ് കാത്തുസൂക്ഷിക്കണമെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർളയും രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങും പറഞ്ഞു. ബഹളം തുടർന്നതോടെ സഭ രണ്ടു മണിവരെ നിർത്തിവച്ചു. തുടർന്ന് സഭ സമ്മേളിച്ചപ്പോൾ കർഷകർക്കുള്ള കുറഞ്ഞ താങ്ങുവില വിഷയത്തിൽ സഭ വീണ്ടും പ്രക്ഷുബ്ധമായി.

****************************************

## LS-GADKARI NH

അഞ്ച് അതിവേഗ പാതകൾ, 22 അക്സസ് കൺട്രോൾഡ് ഹൈവേകൾ എന്നിവ ഉൾപ്പെടെ **9,860** കിലോമീറ്റർ, ഹരിത ഇടനാഴികളായി മാറ്റാൻ, ദേശീയ ഹൈവേ അതോറിട്ടി ഓഫ് ഇന്ത്യ തീരുമാനിച്ചതായി കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരി. ലോക്സഭയിൽ രേഖാമൂലം നൽകിയ മറുപടിയിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. പദ്ധതിക്കായി നാല് ലക്ഷത്തി

19,130 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

*************************************

## GOVT - KHELO INDIA

പാരീസ് ഒളിമ്പിക്സിൽ പങ്കെടുക്കുന്ന ഇന്ത്യൻ സംഘത്തിൻ്റെ 25 ശതമാനവും ഖേലോ ഇന്ത്യ അത്‌ലറ്റുകളാണെന്ന് കേന്ദ്ര സർക്കാർ. ഇന്നലെ രാജ്യസഭയിൽ ഒരു ചോദ്യത്തിന് രേഖാമൂലം നൽകിയ മറുപടിയിലാണ് യുവജനകാര്യ കായിക മന്ത്രി ഡോ.മൻസുഖ് മാണ്ഡവ്യ ഇക്കാര്യം അറിയിച്ചത്. രാജ്യത്തുടനീളം ആയിരത്തിലധികം ഖേലോ ഇന്ത്യ കേന്ദ്രങ്ങളും 302 അംഗീകൃത അക്കാദമികളും ഇതിനകം അനുവദിച്ചതായും മന്ത്രി പറഞ്ഞു.

*************************************

## JAISHANKAR-LAOS VISIT

57-ാമത് ആസിയാൻ വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിന് വിയറ്റ്നാമിലെ ലാവോസിൽ തുടക്കം. ആസിയാൻ യോഗങ്ങളിൽ പങ്കെടുക്കുന്നതിനായി വിദേശകാര്യ മന്ത്രി എസ് ജയ് ശങ്കർ ഇന്നലെ ലാവോസിൽ എത്തി. രാഷ്ട്രങ്ങൾ തമ്മിലെ പ്രാദേശിക സഹകരണവും അന്തർദേശീയ ബന്ധങ്ങളും യോഗം അവലോകനം ചെയ്യു. പരസ്പര താൽപ്പര്യമുള്ള വിവിധ പ്രാദേശിക, ആഗോള വിഷയങ്ങളും ചർച്ചയായി. ആക്ട് ഈസ്റ്റ് നയത്തിന്റെ ഒരു ദശകം പൂർത്തിയാകുന്ന വേളയിൽ ഇന്ത്യയും ആസിയാനുമായുള്ള ബന്ധം ശക്തിപ്പെടുത്താൻ സന്ദർശനം സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി വിദേശകാര്യ മന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. ചൈനീസ്, നോർവേ, കംബോഡിയ തുടങ്ങിയ ഇടങ്ങളിലെ വിദേശകാര്യമന്ത്രിമാരുമായി ശ്രീ.ജയ്ശങ്കർ കൂടിക്കാഴ്ച നടത്തി.

*************************************

## MEA- CANADA

കാനഡയിൽ ഇന്ത്യാ വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാർ, കനേഡിയൻ സർക്കാരിനോട് ആവശ്യപ്പെട്ടു. പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയെ വധിക്കുമെന്ന് സാമൂഹ്യ മാധ്യമത്തിലൂടെ ഭീഷണിപ്പെടുത്തിയതിന് രണ്ട് പേർക്കെതിരെ കാനഡ കേസെടുത്തിട്ടുണ്ടെന്നും എന്നാൽ ഇന്ത്യൻ നേതാക്കളെയും നയതന്ത്രജ്ഞരെയും ഭീഷണിപ്പെടുത്തുന്നവർക്കെതിരെ നടപടികൾ ഉണ്ടാകുന്നില്ലെന്നും വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ബംഗ്ലാദേശ് സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ആറായിരത്തിലേറെ വിദ്യാർഥികൾ ബംഗ്ലാദേശിൽ നിന്നും ഇന്ത്യയിലേക്ക് മടങ്ങിയെത്തിയതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു.

**********************************

## INAG. PARIS OLYMPICS

ലോക കായിക മാമാങ്കമായ ഒളിമ്പിക്സിന് ഇന്ന് തിരിതെളിയും. ഇന്ത്യൻ സമയം ഇന്ന് രാത്രി 11 മണിക്ക് നടക്കുന്ന ഉദ്ഘാടന ചടങ്ങുകളോടെ, 2024 പാരീസ് ഒളിമ്പിക്സിന് ഔദ്യോഗിക തുടക്കമാകും. സെൻ നദിയിലൂടെ 10,500 കായികതാരങ്ങളെയും വഹിച്ചു കൊണ്ട് നൂറിലേറെ ബോട്ടുകളാണ് ഉദ്ഘാടനത്തിന്റെ ഭാഗമായ മാർച്ച് പാസ്റ്റിലുണ്ടാവുക. ചരിത്രത്തിൽ ആദ്യമായാണ് സ്റ്റേഡിയത്തിന് പുറത്ത് ഒളിമ്പിക്സ് ഉദ്ഘാടന ചടങ്ങ് സംഘടിപ്പിക്കുന്നത്. മാർച്ച് പാസ്റ്റിൽ ഇന്ത്യൻ താരങ്ങളായ പി വി സിന്ധുവും ശരത് കമലും രാജ്യത്തിന്റെ പതാകയേന്തും. രാജ്യത്തെ പ്രതിനിധീകരിച്ച് പതാകയേന്തുന്നത് അഭിമാനകരമായ നിമിഷമാണെന്ന് പി വി സിന്ധു പറഞ്ഞു. 117 ഇന്ത്യൻ താരങ്ങളാണ് ഇത്തവണ ഒളിമ്പിക്സിൽ മാറ്റുരക്കുന്നത്. ഓഗസ്റ്റ് 11 ന് ഒളിമ്പിക്സിന് സമാപനമാകും.

**********************************

## OLYMPICS ARCHERY

പാരീസ് ഒളിമ്പിക്സിൽ, അമ്പെയ്ത്ത് ഇനത്തിൽ, ഇന്ത്യയുടെ പുരുഷ - വനിതാ ടീമുകൾ ക്വാർട്ടറിൽ കടന്നു. അങ്കിത ഭക്തും, ദീപിക കുമാരിയും, ഭജൻകൗറും ഉൾപ്പെട്ട വനിതാ ടീം, 1,983 പോയിന്റുകളോടെ നാലാമതായാണ് ക്വാർട്ടറിൽ പ്രവേശിച്ചത്. ബൊമ്മ ദേവര ധീരജ് , തരുൺദീപ് റായ് ,പ്രവീൺ രമേശ് യാദവ് എന്നിവർ ഉൾപ്പെട്ട പുരുഷ ടീം മൂന്നാം സ്ഥാനം നേടി ക്വാർട്ടറിൽ കടന്നു. ബൊമ്മ ദേവര ധീരജും അങ്കിത ഭക്തും ഉൾപ്പെട്ട മിക്സഡ് ടീം പ്രീ ക്വാർട്ടറിലും എത്തി.

****************************************

## IOA- CEo RAGHURAM IYER (INTRO)

ഏറെ വിജയപ്രതീക്ഷയോടെയാണ് ഇന്ത്യൻ താരങ്ങൾ പാരീസ് ഒളിമ്പിക്സ് പോരാട്ടത്തിനായെത്തിയിട്ടുള്ളത്. ടീം സുസജ്ജമെന്ന് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ രഘുറാം അയ്യർ ആകാശവാണി വാർത്തകളോട് പറഞ്ഞു.........

(വോയിസ്)

****************************************

## OLYMPICS-AIR NEWS

ഒളിംപിക്സിനോടനുബന്ധിച്ചുള്ള പ്രത്യേക പ്രക്ഷേപണം ഉള്ളതിനാൽ രാവിലെ 7.25 നുള്ള ആകാശവാണി വാർത്തകൾ ഇന്നു മുതൽ ആഗസ്റ്റ് 11 വരെ രാവിലെ 7.20 നായിരിക്കും പ്രക്ഷേപണം ചെയ്യുക.

****************************************

## WOMENS CRICKET

ഏഷ്യാ കപ്പ് വനിത ട്വന്റി- 20 ക്രിക്കറ്റിന്റെ സെമിഫൈനൽ മത്സരങ്ങൾ ഇന്ന് നടക്കും. ആദ്യ സെമിയിൽ ഇന്ത്യ ബംഗ്ലാദേശിനെ നേരിടും. ഉച്ചക്ക് രണ്ടു മണിക്കാണ് മത്സരം. രണ്ടാം സെമിയിൽ, രാത്രി ഏഴു മണിക്ക് ശ്രീലങ്കയും പാകിസ്ഥാനും ഏറ്റുമുട്ടും.

****************************************************************************************************************************************

*******************